**പതിനാറാം കേരള നിയമസഭ**

**ഒന്നാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 731** **24-06-2026-ൽ മറുപടിയ്ക്ക്**

**<u>വന്യജീവി ആക്രമണം തടയാൻ നടപടി</u>**

**<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>** **<u>മറുപടി നൽകിയ മന്ത്രി</u>**

ശ്രീ. പി. മമ്മിക്കുട്ടി

ശ്രീ. ഷിബു ബേബി ജോൺ
(വനം, വന്യജീവി - നൈപുണ്യ വികസന
വകുപ്പ് മന്ത്രി)

**(എ)** കഴിഞ്ഞ രണ്ടാഴ്ച്ചക്കിടെ കേരളത്തിൽ കാട്ടാന ആക്രമണത്തിൽ 5 പേർ കൊല്ലപ്പെട്ടത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

**<u>മറുപടി:</u>** ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട് .

**(ബി)** വന്യജീവി ആക്രമണം തടയാൻ എന്തെല്ലാം നടപടികളാണ് കൈകൊള്ളാൻ പോകുന്നതെന്ന് വിശദമാക്കാമോ;

**<u>മറുപടി:</u>** വനസംരക്ഷണം, ജനപങ്കാളിത്തം, ആധുനിക സാങ്കേതികവിദ്യ എന്നിവ ഏകോപിപ്പിച്ച് മനുഷ്യ-വന്യജീവി സംഘർഷം ലഘൂകരിക്കുന്നതിനായി വനം വകുപ്പ് ഒരു ദീർഘകാല നയരേഖയായ "Vision 2031"തയ്യാറാക്കിയിട്ടുള്ളതാണ്. മൃഗങ്ങൾ ജനവാസ മേഖലകളിലേയ്ക്ക് ഇറങ്ങുന്നത് തടയുന്നതിനായി വന്യമൃഗങ്ങളെ കാട്ടിനുള്ളിൽതന്നെ നിലനിർത്തുക , മനുഷ്യ-വന്യജീവി സംഘർഷങ്ങളുടെ തീവ്രത ലഘൂകരിക്കുക എന്നിവയ്ക്കാണ് സർക്കാർ മുൻഗണന നൽകുന്നത്. എന്നാൽ, ഈ മുൻകരുതൽ നടപടികൾക്ക് ശേഷവും വനാതിർത്തി ലംഘിച്ചുണ്ടാകുന്ന മനുഷ്യ-വന്യജീവി സംഘർഷങ്ങൾ മൂലം നാശനഷ്ടം സംഭവിക്കുന്ന പക്ഷം , അർഹമായ ധനസഹായം സമയബന്ധിതമായി ലഭ്യമാക്കുന്നതിനായുള്ള നടപടികളും സ്വീകരിക്കുന്നതാണ്. Containment & Mitigation-ന്റെ ഭാഗമായി വനത്തിനുള്ളിൽ ഭക്ഷണ-ജല ലഭ്യത കൂട്ടുക, സൗരോർജ്ജവേലികൾ സ്ഥാപിക്കുക, AI, ഡ്രോൺ, IoT എന്നീ ആധുനിക സാങ്കേതികവിദ്യകളിലൂടെ തത്സമയ മുന്നറിയിപ്പ് നൽകുക, ദ്രുത പ്രതികരണ സംഘങ്ങളുടെ പ്രവർത്തനം ഊർജ്ജിതപ്പെടുത്തുക, അതോടൊപ്പം പ്രാദേശിക ആദിവാസി കൂട്ടായ്മകളുടെ സഹവർത്തിത്തം ഉറപ്പാക്കുക തുടങ്ങിയ സമഗ്ര പരിപാടികൾ വിഭാവനം ചെയ്യുന്നു. മനുഷ്യ-വന്യജീവി സംഘർഷത്തെ തുടർന്നുണ്ടാകുന്ന മരണങ്ങൾ, പരിക്കുകൾ, കൃഷിനാശം എന്നിവയ്ക്ക് വേഗത്തിലുള്ളതും നീതിപൂർണ്ണവുമായ നഷ്ടപരിഹാരവും ഇൻഷുറൻസ് പരിരക്ഷയും ഉറപ്പാക്കുന്നതിനുള്ള നടപടികളും Vision 2031-ൽ വിഭാവനം ചെയ്തിട്ടുണ്ട്.

**(സി)** കാട്ടാന ആക്രമണത്തിൽ കൊല്ലപ്പെട്ടവരുടെ കുടുംബങ്ങൾക്ക് നഷ്ടപരിഹാര തുക കൈമാറിയിട്ടുണ്ടോ; ഉണ്ടെങ്കിൽ എത്ര തുകയാണെന്ന് വിശദമാക്കാമോ?

**<u>മറുപടി:</u>** ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം കാട്ടാനയുടെ ആക്രമണത്തിൽ ജീവഹാനി സംഭവിച്ച 6 പേരിൽ അഞ്ച് പേരുടെ ആശ്രിതർക്കുള്ള ധനസഹായത്തിന്റെ ആദ്യ ഗഡു അനുവദിച്ചിട്ടുണ്ട്. ആയതിന്റെ വിശദാംശം അനുബന്ധമായി ചേർക്കുന്നു.

നഷ്ടപരിഹാര തുകയുടെ അവശേഷിക്കുന്ന ഗഡു അനന്തരാവകാശ സർട്ടിഫിക്കറ്റ് ഉൾപ്പെടെയുള്ള നിർദ്ദിഷ്ട രേഖകൾ ഹാജരാക്കുന്ന മുറക്ക് അനുവദിച്ച് നൽകുന്നതാണ്.

**സെക്ഷൻ ഓഫീസർ**

# <u>അനുബന്ധം</u>

| അപകടം നടന്ന / മരണപ്പെട്ട തീയതി | മരണപ്പെട്ട ആളുടെ പേരും സ്ഥലവും | സമാശ്വാസ ധനസഹായത്തിന്റെ ആദ്യ ഗഡു തുക (രൂ) | വിതരണം ചെയ്ത തീയതി |
|---|---|---|---|
| 24/05/2026 | പുഷ്പാകരൻ, മലയാറ്റൂർ ഡിവിഷൻ | 5,00,000/- | 15/06/2026 |
| 26/05/2026 | ജെസ്സി ഷാജി, സൗത്ത് വയനാട് ഡിവിഷൻ | 5,00,000/- | 26/05/2026 |
| 30/05/2026 | മോഹനൻ, ചാലക്കുടി ഡിവിഷൻ | 5,00,000/- | 01/06/2026 |
| 08/06/2026 | മാരി, മൂന്നാർ ഡിവിഷൻ | 2,50,000/-<br>2,50,000/- | 10/06/2026<br>11/06/2026 |
| 10/06/2026 | രാജു, നോർത്ത് വയനാട് ഡിവിഷൻ | അനന്തരാവകാശികൾ ഹാജരാകാത്തതിനാൽ തുക വിതരണം ചെയ്തിട്ടില്ല | |
| 18/06/2026 | കെ. മുരുകൻ, മറയൂർ ഡിവിഷൻ | 5,00,000/- | 19/06/2026 |